# സിഡിബി നാഫെഡ് സ്റ്റാളിൽ നീരവിൽപ്പനയ്ക്ക്



**കൊച്ചി:** എറണാകുളം ജില്ലയിലെ നാളികേര ഉത്പാദക സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപം കൊടുത്തിട്ടുള്ള തിരുക്കൊച്ചി നാളികേര ഉദ്പാദക കമ്പനി വിപണിയിലിറക്കിയ പ്രീമിയം നീര നാളികേര വികസന ബോർഡിന്റെ ആസ്ഥാനത്തെ സിഡിബി നാഫെഡ് സ്റ്റാളിൽ ലഭ്യമാണ്.

200 മി.ലി. നീരയ്ക്ക് 35 രൂപയാണ് വില. ഉപോത്പന്നങ്ങളായ പാനി, സിറപ്പ്, ഹണി, കേക്ക് എന്നിവയും കമ്പനി വിപണിയിൽ ഇറക്കുന്നുണ്ട്.

എസ്സിഎംഎസുമായി സഹകരിച്ച് കമ്പനിയുടെ പ്ലാന്റ് സജ്ജമാകുന്നതുവരെ എസ്സിഎംഎസ് പ്ലാന്റിലാണ് നീര സംസ്കരിക്കുന്നത്.